**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4270** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഐ. റ്റി. ഐ.കളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി. മമ്മിക്കുട്ടി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഐ. റ്റി. ഐ. കളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ നിലവാരം ഉയർത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ടവയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനും പദ്ധതിയുണ്ടോ; | (എ) | പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചാക്ക, കോഴിക്കോട് ഐ.ടി.ഐകളെയും കിഫ്ബി ധനസഹായത്തോടെ ധനുവച്ചപുരം, കൊയിലാണ്ടി, മലമ്പുഴ, ഏറ്റുമാനൂർ , കണ്ണൂർ, ചെങ്ങന്നൂർ, കട്ടപ്പന, ചാലക്കുടി, കയ്യൂർ, ചന്ദനത്തോപ്പ് എന്നീ 10 ഐ.ടി.ഐകളെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ പ്രൊഗ്രാമിന്റെ മാനദണ്ഡം അനുസരിച്ച് വിവിധ യൂണിറ്റുകൾക്ക് എൻ. സി. വി. ടി. അഫിലിയേഷൻ നേടിയെടുക്കാൻ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; എത്ര യൂണിറ്റുകൾക്ക് പ്രസ്തുത അഫിലിയേഷൻ നേടിയെടുക്കാനായിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | NSQF പാഠ്യപദ്ധതി പ്രകാരമുള്ള ട്രേഡുകൾക്ക് എൻ.സി.വി.ഇ.ടി അഫിലിയേഷൻ നേടിയെടുക്കുന്നതിന് ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ നിശ്ചിത മാനദണ്ഡ പ്രകാരമുള്ള ഉപകരണങ്ങളും, യന്ത്ര സാമഗ്രികളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയതിനു ശേഷം ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ (DGT) അഫിലിയേഷൻ പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നു. തുടർന്ന് ഡി.ജി.റ്റി.യുടെ നിർദ്ദേശാനുസരണം ഡി.ജി.റ്റി പ്രതിനിധി, വകുപ്പ് പ്രതിനിധി, ഇൻഡസ്ട്രിയൽ പ്രതിനിധി, വകുപ്പിനു പുറത്തു നിന്നുള്ള ഒരു സാങ്കേതിക വിദഗ്ധൻ എന്നിവരടങ്ങുന്ന ഒരു ജോയിന്റ് ഇൻസ്പെക്ഷൻ കമ്മറ്റി ഡി.ജി.റ്റി.യുടെ നിർദ്ദേശാനുസരണം സ്ഥാപനത്തിൽ പരിശോധന നടത്തുകയും അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള ട്രേഡ്/ യൂണിറ്റുകളുടെ ഭൗതിക സാഹചര്യങ്ങൾ എന്നിവ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സിലബസ് എന്നിവയുടെ അടിസ്ഥാനത്തിൽ തൃപ്തികരമാണോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധന റിപ്പോർട്ട് തയ്യാറാക്കി വ്യാവസായിക പരിശീലന വകുപ്പിന്റെ ശുപാർശ കത്തുൾപ്പെടെ ഡി.ജി.റ്റി.യ്ക്ക് നൽകുയും ചെയ്യുന്നു. ഡി.ജി.റ്റി ടി റിപ്പോർട്ട് എൻ.സി.വി.ടി |

| | | | |
|---|---|---|---|
| | | | അഫിലിയേഷൻ സബ് കമ്മറ്റി മീറ്റിംഗിൽ പരിഗണനയ്ക്കെടുത്തു അഫിലി യേഷൻ നൽകുകയോ, നിരാകരിക്കുകയോ ചെയ്യുന്നു. മേൽ നടപടികളാണ് അഫിലിയേഷൻ നേടിയെടുക്കുന്നതിനായി കൈക്കൊണ്ടു വരുന്നത്. ഇതിൻപ്രകാരം സംസ്ഥാനത്തെ സർക്കാർ / സ്വകാര്യ ഐ.ടി.ഐകളിലെ വിവിധ NSQF അധിഷ്ഠിത ട്രേഡുകളുടെ 627 യൂണിറ്റുകൾക്ക് NCVET അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്. |
| (സി) | കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കുന്നതിനും തൊഴിൽ സാധ്യത കൂടിയ കോഴ്സുകൾ ആരംഭിക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (സി) | വിവിധ ഐ.ടി.ഐകളിൽ നിന്ന് ലഭ്യമായ ശുപാർശകളിന്മേൽ തുടർ നടപടിസ്വീകരിക്കുന്നതിന് വകുപ്പിലെ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ഉൾപ്പെട്ട ഒരു ടീമിനെ വ്യാവസായിക പരിശീലന വകുപ്പിൽ നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | പ്ലേസ്മെന്റ് സെല്ലുകളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ? | (ഡി) | വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിൽ പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിലേയ്ക്കായി ഡയറക്ടേറ്റ് തലത്തിൽ പ്ലേസ്മെന്റ് സെൽ ആരംഭിച്ച് സ്റ്റേറ്റ്, നാഷണൽ, ഇന്റർ നാഷണൽ തലത്തിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലേസ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018 കാലയളവിൽ 10836 ട്രെയിനികൾക്കും 2019 കാലയളവിൽ 10913 ട്രെയിനികൾക്കും പ്ലേസ്മെന്റ് ലഭിച്ചിട്ടുണ്ട്. 2020 ൽ കോവിഡ് പശ്ചാത്തലത്തിൽ പ്രതീക്ഷിച്ച പുരോഗതി ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ